എം.പി(2) 4458/19

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി-**30.01.2021**

## സർക്കുലർ നമ്പർ : 9/2021

## coopmart

വിഷയം - സഹകരണവകുപ്പ് - "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്"- സഹകരണ ഉൽപ്പന്ന വിപണന ശാലയായ **"coopmart"** സ്ഥാപിക്കുന്നത് -മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്:

സൂചന - 1. സർക്കാരിന്റെ 25/06/2020 ലെ സ.ഉ.(സാധാ)നം. 291/2020/സഹ നമ്പർ ഉത്തരവ്
2. സർക്കാരിന്റെ 02/11/2020 ലെ പി.എസ്. 1/312/2019/സഹ നമ്പർ കത്ത്
3. ജില്ലാ ജോയിന്റ് രജിസ്ട്രാർ മാരുമായി 04.01.2021 -ൽ സഹകരണ സംഘം രജിസ്ട്രാർ നടത്തിയ വീഡിയോ കോൺഫറൻസ്

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്നു വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിരിക്കുകയാണ്. സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്നു വിപണി ശൃംഖല കെട്ടിപ്പടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി സഹകരണ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ **coopkerala** എന്ന വ്യാപാര മാർക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 4 ജില്ലകളിൽ **coopmart** കളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സഹകരണ സംഘങ്ങൾ മുഖേന സമയബന്ധിതമായി **coopmart**കൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. അപ്രകാരമുള്ള **coopmart**കൾ ഒരേ രീതിയിൽ സമയബന്ധിതമായി സ്ഥാപിക്കേണ്ടതുള്ളതിനാൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ടു **coopmart** കൾ സ്ഥാപിക്കേണ്ടതാണ്.

1. പ്രാരംഭ ഘട്ടത്തിൽ ഒരു ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ 14 **coopmart** കളാണ് ആരംഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട **14 coopmart** കളും ജില്ലാ collection cum godown സെന്റർ ആയും പ്രവർത്തിക്കേണ്ടതാണ്.

2. **coopmart** ആരംഭിക്കുന്ന കെട്ടിടത്തിനു പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അനുമതി ഉണ്ടായിരിക്കണം.

3. **Coopmart** സ്ഥാപിക്കുന്ന കെട്ടിടത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ കാണിച്ചിട്ടുള്ള സവിശേഷിത കളറിൽ മാത്രമെ **coopmart** നുള്ളിലും പുറത്തും പെയിന്റിംഗ് ചെയ്യാൻ പാടുള്ളൂ.

4. **coopmart,** സംഘത്തിന്റെ പേര് എന്നിവ ഏതു ലെറ്റർ മോഡലിൽ ഏതു കളറിൽ എഴുതണം എന്നതും സംഘത്തിന്റെ പേര്, എഴുതുന്ന ലെറ്ററിന്റെ വലുപ്പവും **coopmart** എന്ന ലെറ്ററുകളുടെ വലുപ്പവുമായുള്ള അനുപാതം, കളർ എന്നിവ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം തയ്യാറാക്കണം.

5. ലോഗോ പതിക്കേണ്ട സ്ഥലം, ഷട്ടറിന്റെ കളർ, ഓരോ സ്ഥലത്തും ഉപയോഗിക്കേണ്ട പെയിന്റുകളുടെ കളർ അതിന്റെ സവിശേഷിത കോഡ് സഹിതമുള്ളത് അനുബന്ധ മാതൃകയിൽ നിന്നും മനസിലാക്കി ആയതു വിധം **coopmart** സജ്ജീകരിക്കേണ്ടതാണ്.

6. **coopmart** ൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളോടൊപ്പം ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെയും (ie, മിൽമ, കയർഫെഡ്, മത്സ്യഫെഡ്, വ്യവസായം തുടങ്ങിയവ), ദേശീയ സഹകരണ സംഘങ്ങൾ/ ഫെഡറേഷനുകളുടെയും സാധനങ്ങൾ ഉൾപ്പെടെ എല്ലാ സഹകരണ ഉൽപ്പന്നങ്ങളും ലഭ്യമാക്കി വിപണനം ചെയ്യാവുന്നതാണ്.

7. സഹകരണ മേഖലയുടെ ഒരു അഭിമാന പദ്ധതിയായ **coopmart** ൽ എല്ലാ സഹകരണ ഉൽപ്പന്നങ്ങളുടെയും പ്രദർശനം കൂടി സാദ്ധ്യമാകുംവിധം പരമാവധി സഹകരണ ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഉന്നത നിലവാരം പുലർത്തി സജ്ജീകരിക്കേണ്ടാതാണ്.

8. സഹകരണ സംഘം രജിസ്ട്രാറിന്റെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളുടെ ഉൽപ്പന്ന വിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാറിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

9. **coopmart** കളിലേക്ക് ആവശ്യമായ ഉൽപ്പന്നങ്ങളുടെ indent **coopmart** ആരംഭിക്കുന്ന സംഘങ്ങൾ ബന്ധപ്പെട്ട ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് സമയബന്ധിതമായി നൽകേണ്ടതാണ്.

10. **coopmart** കളിലേക്ക് ആവശ്യമായ ഉൽപ്പന്നങ്ങളുടെ indent ലഭിക്കുന്ന ഉൽപ്പാദക സഹകരണ സംഘങ്ങൾ അപ്രകാരമുള്ള സാധനങ്ങൾ താമസംവിന **coopmart** നു നൽകേണ്ടതാണ്. പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം ലോജിസ്റ്റിക്സ് സംവിധാനം നിലവിൽ പ്രാവർത്തികമാക്കിയിട്ടില്ലാത്തതിനാൽ ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന indent പ്രകാരമുള്ള സാധനങ്ങൾ ഓർഡർ നൽകുന്ന സംഘങ്ങൾക്ക് നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. അല്ലാത്തപക്ഷം ഓരോ സംഘത്തിനുമുള്ള പ്രത്യേക പായ്ക്കറ്റ്കളാക്കി ബിൽ സഹിതം ഉൽപ്പാദക സംഘം നിലകൊള്ളുന്ന ജില്ലാ collection cum godown സെന്ററുകളിൽ എത്തിക്കാവുന്നതാണ്. ജില്ലാ collection cum godown സെന്ററുകളിൽ നിന്നും ഓഡർ ചെയ്ത സംഘത്തിൽ എത്തിക്കുന്നതിനാവശ്യമായ പാർസൽ കമ്പനി/ലോജിസ്റ്റിക്

ഏജൻസി ചാർജ് ഉൽപ്പാദക സംഘം ജില്ലാ collection cum godown സെന്ററുകളിൽ നൽകേണ്ടതാണ്.

11. ജില്ലാ collection cum godown സെന്ററുകളിൽ മേൽപ്രകാരം ശേഖരിക്കുന്ന സാധനങ്ങൾ ചുമതലപ്പെടുത്തിയ പാർസൽ കമ്പനിക്ക്/ലോജിസ്റ്റിക്സ് ഏജൻസിക്ക് കൈമാറേണ്ടതാണ്.

12. indent പ്രകാരമുള്ള സാധനങ്ങൾ ബന്ധപ്പെട്ട സംഘങ്ങൾക്ക് ലഭിക്കുന്ന ബില്ല് പ്രകാരമുള്ള ഉൽപ്പന്ന വില ഉൽപ്പാദക സംഘത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

13. സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയായതിനാൽ നിർദ്ദേശങ്ങൾ യഥാവിധി പാലിച്ചുകൊണ്ട് പുതിയതായി നിശ്ചയിക്കപ്പെട്ട 10 **coopmart** കൾ **2021 മാർച്ച് 01-നു** മുമ്പായി പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

14. മേൽ പ്രകാരം **coopmart** കൾ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾ ഇതുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതി ധനസഹായത്തിന് അപേക്ഷിക്കുന്നതിനു അർഹതയുണ്ടായിരിക്കുന്നതാണ്.

15. **coopmart** കൾ സജ്ജമാക്കുന്നതിന്റെയും പ്രവർത്തന നിർവ്വഹണത്തിന്റെയും ജില്ലാതല നോഡൽ ഓഫീസർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(അഡ്മിനിസ്ട്രേഷൻ) ആയിരിക്കും.

16. **coopmart** കൾ സജ്ജമാക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിവരം, ഫോട്ടോ സഹിതം എല്ലാ വെള്ളിയാഴ്ചയും **mprcs4@gmail.com** എന്നതിലേക്കു ജില്ലാ നോഡൽ ഓഫീസർ മെയിൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-

കെ.സജ്ജാദ്
സഹകരണസംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

പകർപ്പ് :

1. എല്ലാ സഹകരണ സംഘങ്ങളും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ മുഖേന)
2. ആഡിറ്റ് ഡയറക്ടർ
3. ജോയിന്റ് രജിസ്ട്രാർ(ജനറൽ) എല്ലാ ജില്ലകളും
4. ജോയിന്റ് ഡയറക്ടർ എല്ലാ ജില്ലകളും
5. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാക്കും.
6. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി.)

# COOPMART LOGO

coopmart
coopkerala
വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക്

coopmart
coopkerala
വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക്

Board H X W Ratio: 1:4

coopmart
coopkerala
VATTIYOORKAVU SERVICE CO-OPERATIVE BANK

| | | | | |
|---|---|---|---|---|
| COLOUR | | | | |
| C,M,Y,K | 25,95,30,10 | 100,0,100,0 | 100,100,0,0 | 0,100,100,0 |




SHOP FRONT DESIGN MODEL




SHOP INSIDE COLOUR PATTERN